# ഇനിയും നിങ്ങളാണ് നോഹയുടെ പെട്ടകത്തിന്റെ അമരക്കാരൻ



പ്രൊഫ. ഡോ. മാത്യു കോശി

വെള്ളപ്പൊക്കത്തിൽ നിന്നും രക്ഷപെടുവാൻ ദൈവീക കല്പനപ്രകാരം നോഹ ഒരു പെട്ടകം പണിതു. ദൈവം നോഹയോട് പറഞ്ഞു: ഭൂമിയിലുള്ള സകല ജീവജാലകങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടീരണ്ടിനെ വീതം തെരഞ്ഞെടുത്ത് പെട്ടകത്തിൽ കയറ്റണം. ഒരു വംശവും പൂർണ്ണമായി നിന്നു പോകരുതെന്ന് ദൈവമാഗ്രഹിച്ചു. ദൈവം സൃഷ്ടിച്ചതായ ഓരോ സസ്യത്തിനും ഓരോ ജീവിക്കും ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിന് ഒരു പങ്കു നിർവഹിക്കാനുണ്ടെന്നും ജീവൻ പരസ്പര പൂരകമാണെന്നും ജനം മനസിലാക്കണമെന്നും ദൈവമാഗ്രഹിച്ചു. ദൈവം കല്പിച്ചതു പോലെ നോഹ പെട്ടകം പണിതു. എല്ലാ ജീവജാലകങ്ങളിൽ നിന്നും ആണും പെണ്ണുമായി ഈരണ്ടീരണ്ടിനെ പെട്ടകത്തിൽ കയറ്റി. നാല്പതു രാവും നാല്പതു രാത്രിയും തുടർച്ചയായി മഴ പെയ്തു. വെള്ളം പൊങ്ങി. പെട്ടകത്തിൽ കയറിയവരെല്ലാം രക്ഷപെട്ടു. നോഹയാണ് വേദപുസ്തകസ്ഥാനത്തിൽ ആദ്യത്തെ പരിസ്ഥിതി പ്രവർത്തകൻ. ജൈവസംരക്ഷകനെന്നും പറയാം. ഭൂമിയിലുള്ള സസ്യമായാലും ജീവിയായലും വംശവിച്ഛേദനം സംഭവിക്കാതെ സംരക്ഷിക്കപ്പെടണമെന്നാഗ്രഹിക്കുന്നവനാണ് ജൈവ സംരക്ഷകൻ. ഈ ലോകത്തെ കാത്തു പരിപാലിക്കുവാനായി ദൈവീക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ നോഹയെപ്പോലെ ജൈവസംരക്ഷകനായിരിക്കണം.

നിങ്ങൾക്കു നോഹയെപ്പോലെ ഒരു ജൈവ സംരക്ഷകനായിക്കൂടെ. ഇന്നു ലോകം നേരിടുന്ന പരിസ്ഥിതി പ്രശ്നം ഭൂമിയുടെ ചൂടു കൂടുന്നുവെന്നതാണ്. ഭയങ്കരമായ ചൂടിനാൽ ദൈവം ഭൂമിയെ നശിപ്പിക്കുവാൻ പോകുകയാണെന്ന് കരുതുക. ഈ ചൂടിൽ നിന്ന് രക്ഷപ്രാപിക്കുവാൻ ഒരു പെട്ടകം പണിയുവാൻ ദൈവം നിങ്ങളോട് ആവശ്യപ്പെടുകയാണ്. നിങ്ങളുടെ പെട്ടകത്തിൽ കയറുന്നവരെല്ലാം കൊടിയ ചൂടിൽ നിന്നും രക്ഷ പ്രാപിക്കുമെന്ന് ദൈവം കല്പിക്കുന്നു. നിങ്ങളുടെ പള്ളി കാമ്പസ് പെട്ടകമാണെന്ന് സങ്കല്പിക്കുക.

ആദ്യമായി ഒരു ചെടിയാണ് നോഹയെ (നിങ്ങളെ) സമീപിക്കുന്നത്.

"പെട്ടകത്തിലെനിക്കും കൂടി ഒരിടം തരണം."

"ആദ്യം നിങ്ങളാരാണെന്ന് പറയൂ."

"എന്റെ പേര് രാമച്ചമെന്നാണ്. ജന്മദേശം ഇൻന്ത്യയിലാണ്."

"പെട്ടകത്തിൽ പ്രവേശിക്കുന്നവരുടെ ജീവൻ മാത്രമെ നിലനിർത്താനാവുകയുള്ളുവെന്നാണ് ദൈവം ഉത്തരവിട്ടിരിക്കുന്നത്. സമൂഹത്തിന് നിങ്ങൾ ചെയ്യുന്ന സേവനങ്ങളെന്താണെന്ന് പറയൂ. എന്നിട്ടു മാത്രമെ നിങ്ങളുടെ വംശം ഈ ഭൂമിയിൽ നിലനിർത്തണമോ വേണമൊയെന്ന് തീരുമാനിക്കയുള്ളു."

"ഭൂഗർഭ ജലത്തിന്റെ തോതു വർദ്ധിപ്പിക്കുവാനും മണ്ണൊലിപ്പ് തടയുവാനും എന്റെ കഴിവ് പ്രസിദ്ധമല്ലെ. പരിസ്ഥിതി സംരക്ഷണത്തിന് ഞങ്ങൾ ചെയ്യുന്ന സേവനങ്ങൾ അനവധിയാണ്."





"ഹാ ശരി, അതൊന്ന് കേൾക്കട്ടെ."

"വിയറ്റനാം, ഇന്തോനേഷ്യ, തായ്‌ലന്റ്, ആസ്ട്രേലിയ, ചൈന, തുടങ്ങിയനവധി രാജ്യങ്ങളിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും വ്യവസായ തൊഴിലാവശ്യങ്ങൾക്കുമായി വ്യാപകമായി ഞങ്ങളെ ഉപയോഗിക്കുന്നു. വേര് ആയുർവേദ മരുന്നിനും വേരിൽനിന്നും ലഭിക്കുന്ന തൈലം സുഗന്ധത്തിനും ഉപയോഗിക്കുന്നു. വേരു പടലം കീഴോട്ടു തുളച്ചിറങ്ങി ഏതാണ്ട് മൂന്നു മീറ്റർ ആഴത്തിൽ മണ്ണിനെ ബന്ധിച്ചു നിർത്തുന്നു. ഉരുൾ പൊട്ടലിനെയും മണ്ണിടിച്ചിലിനെയും തടയാൻ എനിക്ക് കഴിവുണ്ട്. തണ്ടുകൾക്ക് കുത്തനെ നിന്ന് ഇടതൂർന്നു വേലിയാവാൻ കഴിയും. കുതിച്ചൊഴുകി വരുന്ന വെള്ളത്തെ തടഞ്ഞു നിർത്തി മണ്ണിനെ അവിടെത്തന്നെ നിക്ഷേപിക്കുന്നു. വിത്തുല്പാദിക്കാത്തതിനാൽ കളയായി മാറുന്നില്ല. മൂർച്ചയുള്ള ഇലകളും സുഗന്ധമുള്ള വേരുകളും പാമ്പുകളേയും ക്ഷുദ്രജീവികളേയും കീടങ്ങളേയും അകറ്റുന്നു.ഇലയ്ക്കും വേരിനും രോഗപ്രതിരോധശേഷിയുണ്ട്. ഇളംപുല്ല് കാലിത്തീറ്റയായി ഉപയോഗിക്കാം. വേരുറച്ചു കഴിഞ്ഞാൽ വരൾച്ചയേയും വെള്ളപ്പൊക്കത്തെയും അതിജീവിക്കുന്നു. മലിനീകരണം കൂടുതലുള്ള പ്രദേശങ്ങളിൽ എന്നെ നട്ടാൽ മലിനീകരണം കുറയ്ക്കുവാൻ സഹായിക്കും. നദിയുടെ കരയിലും ചരിഞ്ഞ പ്രദേശങ്ങളിലും കൃഷി ചെയ്താൽ മണ്ണിടിച്ചിൽ തടയാം. നദികളിലേക്കു മലിന ജലം ഒഴുകി വരുന്നതു തടയുവാനിതു സഹായിക്കും. ഇലയുപയോഗിച്ച് കുട്ട പോലുള്ള ഉല്പന്നങ്ങളും കരകൗശല വസ്തുക്കളും നിർമ്മിക്കാം. ഹാൻഡിക്രാഫ്റ്റ് നിർമ്മാണത്തിനു വേരും ഇലയും ഉപയോഗിക്കുന്നു".

"അപ്പോൾ നിങ്ങൾ ഈ ഭൂമിയിൽ മഹത്തായ സേവനമാണ് ചെയ്യുന്നതെന്ന് പലർക്കും അറിയില്ലല്ലൊ."

"ശരിയാണ്. പലർക്കും അറിയില്ല. എല്ലാ ഭാഗങ്ങളും കൃത്യമായി ഉപയോഗിക്കാവുന്നതും മലിനീകരണത്തെയും ദുരന്തങ്ങളെയും നേരിടുവാനും ആദായകരമായി കൃഷി ചെയ്യുവാനും പറ്റുന്ന ചെടിയാണ് ഞാൻ. അതു കൊണ്ടാണ് ചെടികളിൽ റോൾസ് റോയസാണ് ഞാനെന്ന് ജനം പറയുന്നത്.."

"അപ്പോൾ വലിയോരാളോടാണ് ഞാനിപ്പോൾ സംസാരിക്കുന്നത്."

"അങ്ങനെയുള്ള ഭാവമൊന്നുമെനിക്കില്ല. ഈ ലോകത്തിൽ എന്തെങ്കിലും നന്മ ചെയ്യുവാൻ സാധിക്കുമെങ്കിൽ ചെയ്യണമെന്നാണെന്റെയാഗ്രഹം. ഇന്നു ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കാലവസ്ഥ വ്യതിയാനമാണ്. കാർബൺ ഡൈ ഓക്സൈഡ്, മീഥേയൻ,നൈട്രജൻ ഓക്സൈഡുകൾ തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിൽ കൂടുന്നതാണിതിനു കാരണം. മീഥേയൻ വാതകത്തെ വലിച്ചെടുക്കുവാൻ എനിക്ക് കഴിവുണ്ട്. പള്ളി കോമ്പൗണ്ടുകൾക്കും, സ്കൂളിനു ചുറ്റും അംഗീകൃത വേലിയായി എന്നെ ഉപയോഗിക്കാം. ôവർഷത്തോളം ശക്തമായ വേലിയായിട്ട് ഞാൻ നിലകൊള്ളും."

"ഹാവൂ എന്റെ മുമ്പിൽ നില്ക്കുന്ന ചെടി ഇത്ര മഹാനാണെന്ന് ഞാനൊരിക്കലും അറിഞ്ഞിരുന്നില്ല. കണ്ടാൽ തോന്നുകയുമില്ല. തീർച്ചയായും അങ്ങയ്ക്കു പെട്ടകത്തിൽ സ്ഥാനമുണ്ടായിരിക്കും."

രണ്ടാമതു വന്നത് ഉറുമ്പിനെപ്പൊലിരിക്കുന്ന പുഴുക്കളാണ്. കണ്ടപ്പോഴെ പുച്ഛം തോന്നുന്നവ. അവ ഇഴഞ്ഞിഴഞ്ഞ് നോഹയുടെ അടുക്കൽ വന്നു.

"ഹാ എന്താ കാര്യം."

"ഞങ്ങളെ കൂടി പെട്ടകത്തിൽ കയറ്റണം".

"ഹേ, നിങ്ങളെ പെട്ടകത്തിൽ കയറ്റുകയോ. നിങ്ങളെപ്പോലെ വൃത്തികെട്ട ജീവികളെ ഞാൻ കണ്ടിട്ടില്ല."

"ഹയ്യോ അങ്ങനെ പറയരുത്. പണ്ടിതു പോലെയോരാൾ പറഞ്ഞപ്പോൾ ദൈവം ശാസിച്ചതു കേട്ടിട്ടില്ലേ.

"അതാരാ"

"പത്രോസ് അപ്പോസ്തലൻ ധ്യാനത്തിലിരിക്കുമ്പോൾ ഒരു തൂപ്പെട്ടി അദ്ദേഹത്തിന്റെയടുക്കലേക്കിറങ്ങി വന്നു. ഹീനമെന്നു കരുതിയിരുന്ന ജീവികൾ. പത്രോസിനോട് ദൈവം പറഞ്ഞു: ഞാൻ സൃഷ്ടിച്ചതായ എല്ലാ ജീവജാലകങ്ങളും നല്ലവ തന്നെ. അവയിൽ യാതോന്നും ഹീനമായതോ മലിനമായതോ ഇല്ല".

"അപ്പോൾ വേദപുസ്തകത്തിൽ നിന്ന് ഉദ്ധരിക്കുകയോ? ശരി സമ്മതിച്ചിരിക്കുന്നു.സമൂഹത്തിൽ ജീവൻ നിലനിർത്തുന്നതിന് എന്താണ് നിങ്ങളുടെ പങ്ക്."

"ഈ പ്രപഞ്ചത്തിൽ ജീവൻ നഷ്ടപ്പെടുന്ന എല്ലാ വസ്തുക്കളെയും തിരികെ ഭൂമിയിലേക്ക് കൊണ്ടു വന്ന് മണ്ണിൽ ലയിപ്പിക്കുന്ന ജോലിയാണ് ദൈവം ഞങ്ങൾക്ക് തന്നിരിക്കുന്നത്."

"അപ്പോൾ നിങ്ങളാണ് ചിതൽ അല്ലേ. വീട്ടിൽ വച്ചിരിക്കുന്ന തടി ഉപകരണങ്ങളിലെല്ലാം കയറി നശിപ്പിക്കുന്നവർ"

"ഹയ്യോ അങ്ങനെ പറയരുതെ. ജീവനുള്ള ഒരു വസ്തുവിനെയും ഞങ്ങൾ തൊടാറില്ല. നിങ്ങൾക്കു വേണ്ട സാധനങ്ങൾ നിങ്ങൾ പേയിന്റടിച്ചും മറ്റും സംരക്ഷിക്കും. അല്ലാത്തവ ഉപയോഗശൂന്യമായി കിടന്നാൽ വലിയ പ്രശ്നമല്ലെ."

"അതെന്താ പ്രശ്നമാണെന്ന് പറയുവാൻ കാരണം? "

"ജീവികൾ ചത്തു കഴിഞ്ഞാൽ അത് തിരികെ ഭൂമിയിൽ ലയിക്കണം. അതാണ് പ്രകൃതിയുടെ നിയമം. അതെ പടി കിടന്നാൽ അതൊരു പാരിസ്ഥിതിക പ്രശ്നമായി മാറും. ഭൂമിയിലേക്ക് ലയിപ്പിച്ചു ചേർക്കുന്ന ജോലി ഞങ്ങളുടേതാണ്. ഏതു ജീവനുള്ള വസ്തുവും മരിച്ചു കഴിഞ്ഞാൽ പിന്നീട് ഭൂമിയിൽ ലയിപ്പിച്ച് മൂലകങ്ങളാക്കി മാറ്റുന്ന ചുമതലയാണ് ഞങ്ങളുടേത്. "

"നിങ്ങളെ വളരെ പുച്ഛത്തോടെയാണ് ഞാനിതു വരെയായും കണ്ടിരുന്നത്. മണ്ണിൽ നിന്നും സൃഷ്ടിച്ചതിനെയെല്ലാം അതിന്റെ ഭൂമിയിലെ ദൗത്യം തീരുമ്പോൾ തിരികെ ഭൂമിയിലേക്കുതന്നെ കൊണ്ടു പോകുന്ന മഹത്തായ ജോലിയാണ് നിങ്ങൾ ചെയ്യുന്നത്. ഞങ്ങളെങ്ങനെ അത് മറക്കും. തീർച്ചയായും നിങ്ങൾ പെട്ടകത്തിലുണ്ടാകണം. പ്രവേശനം നൽകുന്നു."

മൂന്നാമതായി വന്നത് മണ്ണിൽ പറ്റിച്ചേർന്നു വളരുന്ന പുല്ലാണ്. പുല്ല് ചെത്തി മാറ്റുവാൻ വരുന്ന ചെലവാണ് ആദ്യം ഏവരുടേയും മനസ്സിൽ വരിക. മുറ്റം വൃത്തിയാക്കി അധികം താമസിയാതെ പുല്ല് പിന്നെയും കിളിർക്കുവാൻ ശ്രമിക്കുന്നതിനാൽ ഒരു ശല്ല്യമായിട്ടാണ് ഈ പുല്ലിനെ എല്ലാവരും കരുതുന്നത് .



"സമൂഹത്തിൽ നിങ്ങൾ ചെയ്യുന്ന സേവനമെന്താണെന്ന് വിശദീകരിക്കാമോ?"

"മണ്ണു എവിടെ കണ്ടാലും അതിന്റെ മുകളിൽ വളരുകയെന്നതാണ് ഞങ്ങളുടെ ജോലി."

"മുറ്റമൊക്കെ ചെത്തി വൃത്തിയായി സൂക്ഷിക്കുവാൻ എന്തു പാടാണ് പെടുന്നതെന്നറിയാമോ?. ആരും ക്ഷണിക്കാതെ കയറിപ്പടരുന്ന നിങ്ങളോട് ഞങ്ങൾക്ക് വലിയ താല്പര്യമൊന്നുമില്ലായെന്നറിയണം."

"ഹയ്യോ, അങ്ങനെ പറയരുത്."

"നിങ്ങൾ മനുഷ്യർ എന്തിനാണ് വസ്ത്രങ്ങൾ അണിയുന്നത്. വൃത്തിയായി നടക്കുവാനും ഒപ്പം ചൂടും തണുപ്പും തട്ടാതിരിക്കുവാനുമല്ലേ?. അതു പോലെ ഭൂമിയിലുള്ള മണ്ണിനെ ചൂടിൽ നിന്നു രക്ഷിക്കുവാൻ എവിടെ തുറസ്സായ മ ണ്ണു കണ്ടാലും ഞങ്ങളവിടെ കയറും. മണ്ണിന്റെ ഉടുപ്പാണ് ഞങ്ങൾ".

"മണ്ണിൽ സൂര്യപ്രകാശമേറ്റാൽ നല്ലതല്ലേ"

"മണ്ണിൽ സൂര്യപ്രകാശം നേരിട്ടേററാൽ മണ്ണുണങ്ങും. ജലം ക്രമേണ നഷ്ടപ്പെട്ടു കൊണ്ടിരുന്നാൽ ഭൂമി വരളുവാനാരംഭിക്കും. വരൾച്ച മരുവൽക്കരണത്തിന്റെ ആരംഭമാണ്."

"എന്താണ് ഈ മരുവൽക്കരണം."

"മണ്ണു മരിക്കുന്നതിനാണ് മരുവൽക്കരണമെന്ന് പറയുന്നത്. മണ്ണിലുള്ള സകല ജീവജാലങ്ങളും മരിച്ചതിനു ശേഷം മണ്ണിൽ ജീവന്റെ കണികയില്ലാതാകുമ്പോൾ ആ സ്ഥലം മരുഭൂമിയായിത്തീരും. സൂര്യപ്രകാശത്തിൽ നിന്നുമുള്ള രശ്മികൾ ഭൂമിയിൽ പതിക്കാതെ ഞങ്ങളതിനെ സ്വീകരിക്കയാണ്."

"അപ്പോൾ നിങ്ങളുടെ ഇലകളിൽ വീഴുമ്പോൾ നിങ്ങളതിനെയെന്തു ചെയ്യും."

"ഞങ്ങൾ സൂര്യപ്രകാശത്തിൽ നിന്നുമുള്ള ഊർജ്ജം സ്വീകരിച്ച് അതിനെ ഭക്ഷണമായി മാറ്റും".

"അതെങ്ങനെയാണ്"

"പറയാം"

"ലോകത്തിൽ സൂര്യനാണ് ഊർജ്ജത്തിന്റെ കലവറ. നിങ്ങൾക്ക് ഈ ഊർജ്ജം നേരിട്ട് സ്വീകരിക്കുവാൻ സാധിക്കില്ല. പക്ഷേ ഞങ്ങൾക്ക് സ്വികരിക്കാം. ഞങ്ങളാ ഊർജ്ജത്തെ കാർബോഹൈഡ്രേറ്റായി മാറ്റി നിങ്ങൾക്ക് ഭക്ഷണമായി തരുന്നു."

"അപ്പോൾ നിങ്ങളാണ് ഈ ലോകത്തിൽ ഏറ്റവും മികച്ച സേവനം നൽകുന്നത് അല്ലേ."

"അങ്ങനെ ഞങ്ങൾ ഭാവിക്കാറില്ല. അതു കൊണ്ടല്ലേ മനുഷ്യർ പോ പുല്ലേയെന്ന് പറയുന്നത്. എന്തു പുച്ഛത്തോടെയാണ് മനുഷ്യർ ഞങ്ങളെക്കുറിച്ച് പറയുന്നത്. പുല്ലിന്റെ വില പോലും കല്പിച്ചിട്ടില്ലായെന്ന് പറയുമ്പോൾ മനുഷ്യരുടെ ദൃഷ്ടിയിൽ ഞങ്ങൾ ഹീനരാണ്. എങ്കിലും ദൈവീക ദൃഷ്ടിയിൽ ഞങ്ങൾ ലോകത്തെ സംരക്ഷിച്ചു നിലനിർത്തുന്ന പ്രവർത്തനത്തിൽ മാന്യമായ പങ്കാണ് വഹിക്കുന്നത്"

"ഞങ്ങൾ നിങ്ങളെ ചെറുതാക്കി കണ്ടതിൽ ദയവായി ക്ഷമിക്കണം. പുല്ലിന്റെ വില പോലും കല്പിച്ചിട്ടില്ലായെന്ന് പറയുമ്പോൾ സത്യത്തിൽ ദൈവത്തോട് പാപം ചെയ്യുകയാണെന്ന് ഇപ്പോൾ വ്യക്തമായി. കാരണം ദൈവത്തിന്റെ മഹത്തായ കാര്യപരിപാടിയിൽ സജീവമായി പങ്കെടുത്തു കൊണ്ടിരിക്കുന്ന നിങ്ങളെ അപമാനിക്കുന്നത് ദൈവത്തെ അപമാനിക്കുന്നതിന് തുല്ല്യമാണ്. ഞങ്ങളിനിയും അങ്ങനെ പറയില്ല. നിങ്ങൾക്ക് പെട്ടകത്തിൽ പ്രവേശിക്കാം".

നാലാമതു പെട്ടകത്തിൽ കയറുവാൻ വന്നത് ഒരു കാക്കയായിരുന്നു. ക്രാ ക്രായെന്ന് അലച്ചു കൊണ്ട് ശല്ല്യമുണ്ടാക്കുന്ന പക്ഷികൾ. നോഹയക്ക് വരവ് തന്നെയിഷ്ടപ്പെട്ടില്ല. എവിടെയും ക്ഷണിക്കാതെ കയറി വരുന്നവർ.

നോഹ ചോദിച്ച് "ഹാ, എന്താ വന്ന കാര്യം"

കാക്ക: "ഞങ്ങളെയും പെട്ടകത്തിൽ കയറ്റി രക്ഷിക്കണം"

"നിങ്ങളില്ലെങ്കിലും ഈ പ്രപഞ്ചത്തിലൊന്നും സംഭവിക്കലില്ല."

"അയ്യോ ദൈവദോഷം പറയരുത്."

"അതെന്താ"

"ഈ ഭൂമിയിൽ മാലിന്യങ്ങൾ മുഴുവൻ



തിന്നുന്നതാരാ. ഞങ്ങളാ. അതു കൊണ്ടാണ് ഞങ്ങൾക്ക് നിങ്ങൾ മനോഹരമായ പേരു തന്നിരിക്കുന്നത് പ്രകൃതിയുടെ തോട്ടിയെന്ന്. നിങ്ങൾ പുറത്തെറിയുന്ന ഉച്ഛിഷ്ടമവിടെ കിടിന്നാൽ നാളെ മഹാ രോഗങ്ങൾക്കിടയാക്കും. അപ്പോൾ ഞങ്ങളുടെ സേവനം കൂടിയുണ്ടെങ്കിലെ നിങ്ങൾക്ക് ജീവിക്കാനാവൂ."

"ദയവായി ക്ഷമിക്കണം.നിങ്ങൾക്കും പ്രവേശിക്കാം."

അഞ്ചാമത് പെട്ടകത്തിൽ കയറുവാൻ വന്നത് തവളയാണ്. തവളയെ കാണുമ്പോഴെ പലർക്കും അലർജിയാണ്. ചാടി ചാടിവരുന്നവരവ് കാണുമ്പോഴെ ദേഷ്യം വരും. വെള്ളത്തിലും കരയിലും ഒരു പോലെ കാണുന്ന ജീവി.

എന്താ സമൂഹത്തിന് ഇവയെക്കൊണ്ട് പ്രയോജനം?.

തവള സ്വയം പരിചയപ്പെടുത്തി "ഞങ്ങൾ ആർക്കും ഉപദ്രവം ചെയ്യാതെ നന്മ മാത്രം ചെയ്യുന്നുവരാണ്.

നോഹ വല്യപ്പൻ വാ പൊളിച്ചു പോയി. "ഏന്തേ നന്മ ചെയ്യുന്നവരെന്നോ?"

"അതേ അപ്പച്ചാ നന്മ മാത്രം ചെയ്യുന്നവർ"



"ശരി അതൊന്ന് കേൾക്കട്ടെ"

"പറയാം നിങ്ങൾ രാത്രിയിൽ കിടന്നുറങ്ങുമ്പോൾ ഞങ്ങൾ വെറുതെയിരിക്കയല്ല. വഴിയെ പോകുന്ന എല്ലാ കീടങ്ങളെയും തിന്നുന്നവരാണ്."

"അതെങ്ങനെയാ നിങ്ങൾ സാധിക്കുന്നത്"

"പറയാം."

"ഞങ്ങളുടെ നാക്ക് കണ്ടോ? ഇത് പകുതി മടങ്ങിയകത്തോട്ടിരിക്കയാണ്. കീടങ്ങൾ രാത്രിയിൽ വിലസാൻ ഇറങ്ങുമ്പോൾ ഞങ്ങൾ മടങ്ങിയിരിക്കുന്ന നാക്ക് പുറത്തേക്കിട്ട്ഒരു വീശ് വീശും. ഞങ്ങളുടെ ഭക്ഷണമാ ഈ കീടങ്ങൾ."

"അത് മനുഷ്യർക്കെങ്ങനാ പ്രയോജനം ചെയ്യുക."

"കീടങ്ങൾ പെരുകിയാൽ ഇവിടെ ജീവി

ക്കാനാവുമോ. ഭക്ഷ്യ വിളകൾ മുഴുവൻ അവതാളത്തിൽ ആകും. അനവധി "രോഗങ്ങൾ വരും.എല്ലാംഅവതാളത്തിലായത് തന്നെ"

തവളകളെക്കുറിച്ചുള്ള അറിവ് നോഹയെ ഞെട്ടിച്ചു.

നോഹ കണ്ണ് തുറന്ന് നോക്കിയപ്പോൾ വലിയ നീണ്ട ക്യൂ. താൻ മോശമെന്ന് കരുതിയവയെല്ലാം സമൂഹത്തിന് എന്ത് നന്മയാണ് ചെയ്യുന്നത്. നോഹ പ്രാർത്ഥിച്ച്:

എനിക്ക് പറ്റിയ തെറ്റ് എന്നോട് ക്ഷമിക്കണമേ. എന്നിട്ട് വേദപുസ്തകമെടുത്ത് വായിക്കുവാനാരംഭിച്ചു.

വിശുദ്ധമെന്നും അവിശുദ്ധമെന്നും തരംതിരിക്കുവാൻ എനിക്കെന്തവകാശം.ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതെന്ന് ദൈവം കണ്ടു.പിന്നെ ഞാനെന്തിന് സൂപ്പർ ദൈവമായി പ്രവൃത്തിക്കണം.ഇത്രയും അഭിമുഖം കഴിഞ്ഞപ്പോൾ നോഹയ്ക്ക് കാര്യങ്ങളുടെ കിടപ്പ് മനസ്സിലായി. നോഹ പെട്ടകത്തിന്റെ വാതിലിൽ നിന്ന് അനൗൺസ് ചെയതു.

"ബഹുമാന്യരായ സഹോദരി സഹോദരന്മാരെ, ദൈവം പാഴായി യാതൊന്നും സൃഷ്ടിച്ചിട്ടില്ല. ദൈവം സൃഷ്ടിച്ചതായ എല്ലാ വസ്തുക്കൾക്കും താനതായ മൂല്യമുണ്ട് എന്ന് ഞാൻ തിരിച്ചറിയുന്നു. എല്ലാ സൃഷ്ടിക്കും അതിന്റേതായ ഉദ്ദേശമുണ്ടെന്നും ഞാൻ മനസ്സിലാക്കുന്നു. മാത്രവുമല്ല ദൈവിക സൃഷ്ടികളെല്ലാം ജൈവചങ്ങലയിലെ കണ്ണികളാണെന്ന് നാം തിരിച്ചറിയുന്നു. ഏതെങ്കിലും ഒന്നിന്റെ വംശനാശം വഴി ജൈവചങ്ങലയിലെ ഒരു കണ്ണിയാണ് നഷ്ടപ്പെടുന്നതെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു. ആയതിനാൽ ദൈവം സൃഷ്ടിച്ചതായ നിങ്ങളെ ഞാൻ തരംതിരിക്കുന്നില്ല. കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന കൊടിയ ചൂടിൽ നിന്നും അനവസരത്തിലുള്ള മഴയിൽ നിന്നും രക്ഷപെടുവാൻ നിങ്ങൾക്കെല്ലാം പെട്ടകത്തിൽ പ്രവേശിക്കാം".

പല്ലി മൂന്നു പ്രാവശ്യം ശബ്ദമുണ്ടാക്കിക്കൊണ്ട് പെട്ടകത്തിലേക്ക് പ്രവേശിച്ചു. മാളത്തിൽ പതുങ്ങിയിരുന്ന മൂർഖൻപാമ്പ് ചെറിയ പുഞ്ചിരിയോടെ ആരേയും പേടിക്കാതെ ഇഴഞ്ഞു പെട്ടകത്തിലേക്ക് പ്രവേശിച്ചു. അപ്പോൾ സങ്കീർത്തനത്തിലെ ഒരു ഭാഗം അവിടെ പ്രതിധ്വനിച്ചു: "കാട്ടിലെ സകല മൃഗവും പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കളും എനിക്കുള്ളവയാകുന്നു.മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു. വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നേ".

നോഹ ഇപ്രകാരം പ്രതികരിച്ചു

"ദൈവമേ നിനക്ക് സ്തുതി. ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു".

പെട്ടകത്തിൽ കയറിയവരും പുറത്ത് ക്യൂവിൽ നിൽക്കുന്നവരും പ്രതികരിച്ചു.

"ആമേൻ "

---

*മാവേലിക്കര ബിഷപ്പ് മൂർ കോളജിലെ പ്രിൻസിപ്പലായിരുന്നു ലേഖകൻ. പരിസ്ഥിതി ദൈവശാസ്ത്രമേഖലകളിൽ അനവധി പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾ www.drmathewkoshy.com ൽ ലഭ്യമാണ്.*